# കേരള ഇലക്ട്രിസിറ്റി എംപ്ളോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)

പ്രസിഡന്റ്
കെ.പി.ധനപാലൻ Ex.M.P

ജനറൽ സെക്രട്ടറി
സിബിക്കുട്ടി ഫ്രാൻസിസ്

## പ്രവർത്തന റിപ്പോർട്ട് (14.06.2014 to 5.11.2014)

**"വൈദ്യുതിഭവൻ മാർച്ച് "**

"മാർച്ച്" വൻ വിജയം ആക്കിയതിന് എല്ലാവർക്കും അഭിനന്ദനങ്ങൾ. മാർച്ച് നടത്തുന്നതിന് മുന്നോടിയായി സർക്കുലർ എല്ലാ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾക്കും എത്തിച്ചു. വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുള്ള പോസ്റ്റർ എല്ലാ ഡിവിഷനുകളിലും എത്തിച്ചു. അതിനുശേഷം നോട്ടീസ് എത്തിച്ചു. ഇത് സംബന്ധിച്ച് ഫ്ളക്സ് ബോർഡ്, ഫോർമാറ്റ് യൂണിയൻ സൈറ്റിൽ ഇട്ടതിൻ പ്രകാരം എല്ലാ ഡിവിഷനുകളും ബോർഡ് വച്ചു. വൈദ്യുതി ഭവൻ മാർച്ചിന് മുന്നോടിയായി ആഗസ്റ്റ് 2 ന് പത്രസമ്മേളനം നടത്തി. വിവിധ ചാനലുകളിൽ വന്നിരുന്നു. ഇത് സംബന്ധിച്ച് പ്രത്യേക Exclusive ജയ്ഹിന്ദ് ചാനലിൽ വന്നിരുന്നു. ആഗസ്റ്റ് 4 ന് നടത്തിയ മാർച്ചിൽ വനിതകളുടെ സാന്നിദ്ധ്യം എല്ലാവരും പ്രശംസിച്ചു. വൈദ്യുതി ഭവന് മുമ്പിൽ ഇതിനുമുമ്പ് ഇങ്ങനെയൊരു പ്രോഗ്രാം നടന്നിട്ടില്ല. ഈ വിഷയം മറ്റ് സംഘടനകളിൽ ചർച്ചയായി. ഉദ്ദേശം നാലായിരത്തോളം അംഗങ്ങൾ പങ്കെടുത്തു. രാഷ്ട്രീയ തലത്തിൽ വിഷയം ചർച്ച ചെയ്യപ്പെട്ടുയെന്നുള്ളത് സംഘടനാപരമായ വിജയമാണ്. "മാർച്ചിൽ" പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ച് ജനറൽ സെക്രട്ടറിയുടെ മെസ്സേജ് എല്ലാ അംഗങ്ങൾക്കും അയച്ചിരുന്നു. തുടർന്ന് പങ്കെടുത്തതിന് നന്ദി രേഖപ്പെടുത്തിയും മെസ്സേജ് അയച്ചിരുന്നു.

ഇതു സംബന്ധിച്ച ഫോട്ടോകൾ യൂണിയന്റ സൈറ്റിലുണ്ട്. പിന്നീട് സർക്കുലർ അയച്ചു. പ്രോഗ്രാമിന്റെ വീഡിയോ സിഡി എല്ലാ ജില്ലാ സെക്രട്ടറിമാർക്കും എത്തിച്ചിട്ടുണ്ട്. കോപ്പികൾ ഡിവിഷൻ ഭാരവാഹികൾക്ക് നൽകണമെന്ന് അറിയിച്ചിട്ടുണ്ട് മാർച്ചിന്റെ ഫോട്ടോകളടങ്ങിയ Flex Format - Union Site ൽ Publish ചെയ്തു. ഫോട്ടോകൾ അടങ്ങിയ പോസ്റ്ററുകൾ എല്ലാ ഡിവിഷൻ കമ്മിറ്റികൾക്കും എത്തിച്ച് കൊടുത്തു. ഇത് സംബന്ധിച്ച് കൂടുതൽ ഫോട്ടോ യൂണിയൻ വെബ്സൈറ്റിലുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി സർക്കുലർ ഇതിനോടകം അയച്ചിട്ടുണ്ട്. പോസ്റ്ററും നോട്ടീസും എല്ലാ ഡിവിഷനുകളിലും എത്തിച്ചു. താമസ സൗകര്യവും, ഫ്രെഷ്അപ്പ് സൗകര്യവും ഒരുക്കിയിരുന്നു. ബാഡ്ജ്, മുദ്രവാക്യം തുടങ്ങിയവ ജില്ലാ സെക്രട്ടറിമാരെ ഏൽപ്പിച്ചു.

1. **ത്രികക്ഷി കരാർ**

കരാറിൽ രണ്ടാമതായി ഒപ്പ് വച്ചതുവഴി കോൺഫെഡറേഷനെ ഈ സ്ഥാപനത്തിലെ രണ്ടാമത്തെ സംഘടനയായി ഗവൺമെന്റും മന്ത്രിയും ബോർഡും അംഗീകരിച്ചതായി തെളിഞ്ഞു.

2. **റഫറണ്ടം**

റഫറണ്ടത്തെ നേരിടുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്. റഫറണ്ടം നടത്തുന്നതിനായി 1000 രൂപ ഫീസടച്ച് ലേബർ കമ്മീഷ്ണർക്ക് സംഘടന കത്ത് നൽകി.

**അനിൽ കുമാർ അനുസ്മരണം**

നമ്മുടെ ജോയിന്റ് സെക്രട്ടറിയായും വളരെക്കാലം വിദ്യുത് തരംഗത്തിന്റെ ചുമതലയും വഹിച്ചിരുന്ന ആർ.അനിൽകുമാർ ജൂലായ് 26 ാം തീയതി രോഗം മൂലം പെട്ടെന്ന് നമ്മെ വിട്ടുപിരിഞ്ഞു. സംസ്ഥാന കമ്മിറ്റിയുടേതായ അനുസ്മരണം ആഗസ്റ്റ് 4 ന് യൂണിയൻ ഓഫീസിൽവച്ച് നടത്തി.

**ജനറൽ ട്രാൻസ്ഫർ**

ജനറൽ ട്രാൻസ്ഫറിലും തുടർന്നുള്ള അനോമലിയിലും നമ്മുടെ അംഗങ്ങളുടെ കാര്യം പരിഗണിക്കപ്പെട്ടിട്ടുണ്ട്. ബാക്കിയുള്ള ട്രാൻസ്ഫറുകളും ഉടൻ നടത്തികൊടുക്കുന്നതാണ്. സംഘടനാ ഭാരവാഹികൾക്കുള്ള പ്രൊട്ടക്ഷൻ മുഴുവൻ ലഭിച്ചു. ജനറൽ ട്രാൻസ്ഫറിലും അനോമലിയിലും അപേക്ഷിച്ചിട്ടുള്ള കോൺഫെഡറേഷൻ ഭാരവാഹികളുടെ പേര് യൂണിയന്റെ വെബ് സൈറ്റിൽ പബ്ലിഷ് ചെയ്തിരുന്നു. എല്ലാ ജില്ലാ സെക്രട്ടറിമാർക്കും Password നൽകിയിരുന്നു. അത് പരിശോധിക്കാനുള്ള സമയവും ജില്ലാ സെക്രട്ടറിമാർക്ക് നൽകിയിരുന്നു. SA to SS, SA to DA പ്രമോഷനിലും നമ്മുടെ ഭാരവാഹികൾക്ക് പ്രൊട്ടക്ഷൻ ലഭിച്ചു.

**ബോർഡ് ജീവനക്കാർക്കുള്ള വൈദ്യുതി കണക്ഷൻ**

കോൺഫേഡറേഷന്റെ മാർച്ചിന് ആധാരമായിട്ടുള്ള ഒരു വിഷയമായിരുന്നു ബോർഡ് ജീവനക്കാർക്കുള്ള വൈദ്യുതി കണക്ഷൻ (OTP) പുനഃസ്ഥാപികണമെന്നുള്ളത്. ആഗസ്റ്റ് 4 ന് തൊട്ടുമുമ്പ് തന്നെ അത് നേടിയെടുത്തു.

**PF- NRA അനുവാദം**

"PF-NRA" അനുവാദം വർഷങ്ങൾക്കുമുമ്പ് പ്രൊസീഡിംഗ്സ് അനുവാദം നൽകിയിരുന്നത് Chief Engineer (HRM) ആയിരുന്നു. എന്നാൽ സംഘടനകളുടെ ആവശ്യ പ്രകാരം അത് അതത് Deputy Chief Engineer മാരെ ഏൽപ്പിച്ചിരുന്നു. എന്നാൽ അടുത്തിടെ ഇറങ്ങിയ ഉത്തരവ് പ്രകാരം അത് വീണ്ടും Chief Engineer മാരെ ഏൽപ്പിച്ചിരുന്നു. അത് ജീനക്കാർക്ക് താമസവും ബുദ്ധിമുട്ടും ഉണ്ടാകുന്നതിനാൽ പ്രസ്തുത ഉത്തരവ്

തിരുത്തണമെന്നും അതത് "ARU" ഓഫീസർമാർക്ക് അധികാരം നൽകണമെന്നും ആവശ്യപ്പെട്ട് കോൺഫെഡറേഷൻ കത്ത് നൽകിയതിൻ പ്രകാരം തീരുമാനമായി.

**മോഡൽ സെക്ഷൻ**

മോഡൽ സെക്ഷൻ സമ്പ്രദായം തിരുത്തുന്നത് സംബന്ധിച്ച് അനുകൂല തിരുമാനം ഉണ്ടാക്കുവാൻ ചെയർമാൻ, ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ) തുടങ്ങിയർക്ക് കത്ത് നൽകി.

**മെമ്പർഷിപ്പ് രജിസ്റ്റർ - Web Site**

Membership Foarm / Membership Details എല്ലാ ഡിവിഷനുകളിലും എത്തിച്ചു. കേന്ദ്ര കമ്മിറ്റി ഓഫീസിൽ ലഭിച്ച ഫോം വെബ് സൈറ്റിൽ എന്റർ ചെയ്തു. ഉദ്ദേശം മൂവായിരത്തോളം പേരുകൾ സൈറ്റിലുണ്ട്. സാധിക്കുന്ന ഡിവിഷൻ കമ്മിറ്റികൾ നേരിട്ട് സൈറ്റിൽ ചേർക്കണം. യൂണിയൻനോഫീസുമായി ബന്ധപ്പെട്ടാൽ Password ലഭിക്കുന്നതാണ്. ഇനിയും 37 ഡിവിഷൻ കമ്മിറ്റികൾ Member Details Form തിരികെയെത്തിക്കാനുണ്ട്.

**വിവരങ്ങൾ അറിയിക്കുന്നത് സംബന്ധിച്ച്**

ജനറൽ ട്രാൻസ്ഫറിന്റെ എല്ലാ വിവരങ്ങളും മെസ്സേജ് വഴി അറിയിച്ചിരുന്നു. അതോടൊപ്പം യൂണിയന്റെ സൈറ്റിൽ പബ്ലിഷ് ചെയ്തിരുന്നു.

**ബാങ്ക് അക്കൗണ്ട്**

ജനറൽ സെക്രട്ടറിയുടെയും ട്രഷററുടെയും പേരിൽ പുതിയ അക്കൗണ്ട് തുടങ്ങി. പഴയ അക്കൗണ്ടിൽ നിന്നും തുക 31.10.2014 ൽ പുതിയ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ചു.

**റെഗുലേറ്ററി കമ്മീഷൻ തീരുമാനം**

ശമ്പള പരിഷ്ക്കരണത്തിന് ചർച്ച നടത്തുവാൻ സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കണമെന്ന റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശത്തിനെതിരെ പ്രതിഷേധിച്ചിരുന്നു.

**എം.എസ്.റാവുത്തർ അനുസ്മരണം**

13 ജില്ലകളിൽ സെപ്തംബർ 27 ാം തീയതിയും വയനാട് ജില്ലയിൽ 28 നും വിവിധ രാഷ്ട്രീയ ട്രേഡ് യൂണിയൻ നേതാക്കൻമാരുടെ സാന്നിദ്ധ്യത്തിൽ നടന്നു. അനുസ്മരണത്തോട നുബന്ധിച്ച് വൈദ്യുതി കണക്ഷൻ, രക്തദാനം, തുടങ്ങിയ സാമൂഹിക പ്രവർത്തനങ്ങളും നടത്തി. എം.എസ്.റാവുത്തറെക്കുറിച്ചുള്ള ഡോക്യുമെന്ററി തിരുവനന്തപുരത്ത് കെ.മുരളീധരൻ എം.എൽ.എ പ്രകാശനം ചെയ്തു.

**സപ്ലൈ കോഡ്**

സപ്ലൈ കോഡിലെ അപാകതകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ കേന്ദ്ര കമ്മിറ്റി ഓഫീസിൽ എത്തിക്കണമെന്ന് പറഞ്ഞിട്ടും ഇതുവരെയും ലഭിച്ചിട്ടില്ല.

**വിവിധ ജില്ലകളിൽ സഹകരണ സംഘം തെരഞ്ഞെടുപ്പ്**

വൈക്കം, കോട്ടയം, ആലപ്പുഴ, ഇടുക്കി, മാവേലിക്കര, സഹകരണ സംഘം തെരഞ്ഞെടുപ്പുകളിൽ കോൺഫെഡറേഷൻ വ്യക്തമായ മുന്നേറ്റം നടത്തി. നിസ്സാര വോട്ടുകൾക്കാണ് നമ്മൾ പരാജയപ്പെട്ടത്. ഇതിന് നേതൃത്വം നൽകിയ വിവിധ ജില്ലാ കമ്മിറ്റികളെ സംസ്ഥാന കമ്മിറ്റിയുടെ പേരിൽ അഭിനന്ദിക്കുന്നു. ഈ മത്സരങ്ങളും വളർച്ചയും റഫറണ്ടത്തിലുള്ള അംഗീകാരത്തിന്റെ മുന്നോടിയാണ്. CITU, AITUC, OA, സംഘടനകളുടെ കൂട്ടായ്മയേയാണ് കോൺഫെഡറേഷൻ ഒറ്റയ്ക്ക് നേരിട്ടത്. ഈ സ്ഥലങ്ങളിലൊന്നും വിമതർ മത്സരിക്കാനില്ലായിരുന്നു.

**പ്രമോഷൻ**

വർക്കറിൽ നിന്നും ലൈൻമാനിലേയ്ക്കുള്ള (LM II) ഉദ്ദേശം 426 പ്രമോഷനുകളും LM II ൽ നിന്നും LM I ലേക്കുള്ള 350 നടുത്തുള്ള പ്രമോഷനുകളും നടത്തുവാൻ സാധിച്ചു. ഇത് സംബന്ധിച്ച് സംഘടന കത്ത് നൽകിയിരുന്നു.

**മൂലമറ്റം, മൂഴിയാർ പവർഹൗസ് സന്ദർശനം**

മൂലമറ്റം, മൂഴിയാർ പവർഹൗസ് സന്ദർശി ക്കുന്നതിന് ബോർഡ് ജീവനക്കാർക്ക് അനുവാദം നൽകണമെന്നുള്ള യൂണിയന്റെ കത്തിൻമേൽ നടപടികൾ ആരംഭിച്ചു.

കോൺഫറൻസ് ഹാൾ നാമകരണം, ഫോട്ടോ അനാഛാദനവും സംബന്ധിച്ച പോസ്റ്റർ ഇതിനോടകം എല്ലാ ഡിവിഷനുകളിലും എത്തിച്ചു. കേന്ദ്ര കമ്മിറ്റി ഓഫീസ് പെയിന്റടിച്ചു.

**അജണ്ട**

1. (വൈദ്യുതിഭവൻ മാർച്ച് , എം.എസ്.റാവുത്തർ അനുസ്മരണം, വൈദ്യുതി കണക്ഷൻ) അവലോകനം
2. റഫറണ്ടം - ഫോറം പൂരിപ്പിച്ച് തരുന്നത് യൂണിറ്റ് കമ്മിറ്റി ചേരുന്നത് സംബന്ധിച്ച്.
3. Membership/Membership Details Form and Photo പൂർത്തീകരണം - ഐഡന്റിറ്റി കാർഡ് സംബന്ധിച്ച്
4. 'വിദ്യുത് തരംഗം, ഡയറി 2014 വരവ്, ചെലവ് കുടിശ്ശികയുടെ കണക്ക്. സംസ്ഥാന കമ്മിറ്റി കണക്ക് അവതരണം5.
5. ജനപക്ഷ യാത്ര